"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എസ്.എസ്.ജി.1/ 1014 / 2017/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി, 12-05-2017

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ലേണേഴ്സ് ലൈസൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാഹന രജിസ്ട്രേഷൻ തുടങ്ങിയ സർവ്വീസുകൾക്ക് ഓൺലൻ ആയി ഫീസ് ഒടുക്കിയ ശേഷവും കൺവേർഷന് വേണ്ടി അപേക്ഷകന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു എന്ന പത്ര വാർത്ത – സംബന്ധിച്ച്

സൂചന :- 11-05-2017-ൽ ഒരു പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മേൽ പ്രതിപാദിച്ചിരിയ്ക്കുന്ന വിഷയം പരിശോധിച്ചതിൽനിന്നും ചുവടെ പറയുന്ന കാര്യങ്ങൾ മനസ്സിലാകുന്നു.

ഓൺലൈൻ ആയി സമർപ്പിയ്ക്കുന്ന അപേക്ഷകളും, ഒടുക്കുന്ന ഫീസും വകുപ്പിന്റെ സെൻട്രൽ സർവ്വറിൽ ശേഖരിയ്ക്കപ്പെടുകയും, തുടർന്ന് അതാത് ഓഫീസുകളിലുള്ള സർവ്വറുകളിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്യുന്നു. ഈ അപേക്ഷകൾ സ്മാർട്ട് മൂവിലെ ഇൻവേർഡ് നമ്പർ ആയി മാറ്റപ്പെട്ടാൽ മാത്രമേ തുടർന്നുള്ള നടപടികൾ പൂർത്തീകരിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. എന്നാൽ, ഐ.ഡി.പി., ടെംപററി രജിസ്ട്രേഷൻ എന്നീ പൂർണ്ണമായും വെബ് അധിഷ്ഠിതമായി നടപടിക്രമങ്ങൾ പൂർത്തീകരിയ്ക്കാവുന്ന സേവനങ്ങൾക്ക് ഇത്തരം കൺവേർഷൻ ആവശ്യമായി വരുന്നില്ല. ഇത്തരത്തിൽ മറ്റെല്ലാ സേവനങ്ങളും പൂർണ്ണമായും വെബ് മുഖാന്തിരം ചെയ്യുവാനുള്ള പുതിയ സോഫ്റ്റ്‌വെയർ NIC രൂപകല്പന ചെയ്യുന്നുണ്ട്. എന്നാൽ അതുവരെ അപേക്ഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുവാൻ വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1 ലേണേഴ്സ് ലൈസൻസ്, വാഹന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നീ സേവനങ്ങൾ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ അടങ്ങുന്ന ടീം

ആണ് നിർവ്വഹിയ്ക്കുന്നത്. അതിനാൽത്തന്നെ ഇത്തരം സേവനങ്ങൾക്കുള്ള ഓൺലൈൻ ഫീസ് കൺവേർഷനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ നിർവ്വഹിയ്ക്കേണ്ടതാണ്. അപേക്ഷകരെ ഫീസ് കൺവേർഷൻ എന്ന സാങ്കേതിക കാര്യത്തിന് വേണ്ടി മാത്രം യാതൊരു കാരണവശാലും ഓഫീസിൽ വരുത്തുവാൻ പാടില്ല.

2 വാഹന രജിസ്ട്രേഷനുള്ള അപേക്ഷകൾ വേഗത്തിൽ ഫീസ് കൺവേർട്ട് ചെയ്യുവാനുള്ള സ്മാർട്ട് മൂവിലെ സംവിധാനം ഉപയോഗിച്ച് കൺവേർട്ട് ചെയ്യേണ്ടതും, അപേക്ഷകർക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3 ഓൺലൈനായി അപേക്ഷ സമർപ്പിയ്ക്കുമ്പോൾ തെറ്റായ ഓഫീസിലേയ്ക്കാണ് പണമടച്ചതെങ്കിൽ അപേക്ഷകൻ നേരിട്ടോ, ഫോൺ/ഇ-മെയിൽ മുഖാന്തിരമോ ആവശ്യപ്പെടുകയാണെങ്കിൽ ശരിയായ ഓഫീസിലേയ്ക്കോ/തെറ്റായി പേയ്മെന്റ് ചെയ്ത ഓഫീസുമായി ബന്ധപ്പെട്ടോ ഇ-പേയ്മെന്റ് ഓഫീസ് മാറ്റി കൊടുക്കേണ്ടതാണ്. സ്മാർട്ട് മൂവിലുള്ള ഇ-പേ ട്രാൻസ്ഫർ സംവിധാനം വഴി ഇത് നിർവ്വഹിക്കേണ്ടതും, ആയതിന്റെ സ്ക്രീൻഷോട്ട് എസ്.എസ്.ജി. സെല്ലിലേയ്ക്ക് ഇ-മെയിൽ വഴി ssgcell@keralamvd.gov.in, ssgcell@gmail.com അയച്ചുതരേണ്ടതുമാണ്. യാതൊരു കാരണവശാലും ഇത്തരം ആവശ്യങ്ങൾക്ക് അപേക്ഷകരോട് നേരിട്ട് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേയ്ക്കോ, മറ്റ് റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേയ്ക്കോ ബന്ധപ്പെടുവാൻ നിർദ്ദേശം നൽകുവാൻ പാടില്ല.

4 മേൽ പറഞ്ഞിരിയ്ക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിയ്ക്കുന്നതായി ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഇങ്ങനെ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതായിരിയ്ക്കും.

വിശ്വസ്തതയോടെ,

**ട്രാൻസ്പോർട്ട് കമ്മീഷണർ**

12/05/2017.

പകർപ്പ് :-

**എസ്.എസ്.ജി. സെൽ/എൻ.ഐ.സി (നടപടികൾക്കായി)**

ഓൺലൈൻ അപേക്ഷകൾക്ക് സ്വയമേവ തന്നെ കൺവേർട്ട് ചെയ്ത് ഇൻവേർഡ് നമ്പർ ലഭ്യമാകുന്ന തരത്തിൽ പുതിയൊരു സംവിധാനം സോഫ്റ്റ്വെയറിൽ ഒരു മാസത്തിനകം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ NIC യും SSG യും കൈക്കൊള്ളേണ്ടതാണ്.